**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6459** **20-03-2023 - ൽ മറുപടിയ്ക്ക്**

**കടൽഭിത്തി പുലിമുട്ട് നിർമ്മാണത്തിനുള്ള ഐ.ഐ.റ്റി പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഐ.ഐ.റ്റി.യുടെ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതെന്നും അത് ഏതെല്ലാം ഭാഗങ്ങളിലാണെന്നും (ചെയിനേജ് ഉൾപ്പെടെ) അറിയിക്കാമോ; | (എ) | തൃക്കുന്നപ്പുഴ - ആറാട്ടുപുഴ പ്രദേശങ്ങളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തികൾക്കായി താഴെ പറയുന്ന ഭാഗങ്ങളിലേക്ക് ഐ.ഐ.റ്റി.യുടെ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതും, ആയത് പ്രകാരം പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരി ക്കുകയുമാണ് .<br><br>1.ആറാട്ടുപുഴ പഞ്ചായത്തിൽ, ആറാട്ടുപുഴയിൽ 1.2 കിലോമീറ്റർ നീളത്തിലേക്ക് Ch:56.60 മുതൽ Ch:57.80 വരെ.<br><br>2.ആറാട്ടുപുഴ പഞ്ചായത്തിൽ, വട്ടച്ചാൽ ഭാഗത്ത് 1.8 കിലോമീറ്റർ നീളത്തിലേക്ക് Ch:53.40 മുതൽ Ch:55.20 വരെ.<br><br>3.ആറാട്ടുപുഴ പഞ്ചായത്തിൽ, രണ്ടാം ഘട്ടത്തിൽപ്പെടുത്തി നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ Ch:55.20 മുതൽ Ch:55.673 വരെ.<br><br>4.തൃക്കുന്നപ്പുഴ പഞ്ചായത്തിൽ, പതിയാങ്കരയിൽ 1.5 കിലോമീറ്റർ നീളത്തിലേക്ക് Ch:60.10 മുതൽ Ch:61.60 വരെ. |
| (ബി) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കടലാക്രണ ഭീഷണി നേരിടുന്ന ചേലക്കാട് മുക്ക്, പാനൂർ, കുമാരകോടി, തോട്ടിൽ തൈമൂല, നല്ലാണിക്കൽ, പെരുമ്പള്ളി, വലിയഴീക്കൽ, കാർത്തിക ജംഗ്ഷൻ, പെരുമ്പള്ളി, പതിയാങ്കര, കോട്ടമുറി, പള്ളിപ്പാട്ടുമുറി , പുത്തൻപുരയ്ക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്ട്, പാനൂർ എൽ.പി.സ്കൂൾ, ചെറിയാശ്ശേരി, മദ്ദുക്കൽ എന്നീ പ്രദേശങ്ങളിലെ കടൽഭിത്തി, പുലിമുട്ട് നിർമ്മാണത്തിനായി നിലവിൽ എസ്റ്റിമേറ്റ്/പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലത്തെ അവസ്ഥ വ്യക്തമാക്കാമോ; | (ബി) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്തു ₹10.61 കോടി രൂപയും, കാർത്തിക ജംഗ്ഷൻ മുതൽ പതിയാങ്കര വരെയുള്ള (1, 16, 17, 18 വാർഡുകൾ ഉൾപ്പെടുന്ന) 2.30 കിലോമീറ്റർ കടൽത്തീരത്തേക്ക് ₹41.96 കോടി രൂപയും, തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കര മുതൽ കോട്ടമുറി വരെ 600 മീറ്റർ കടൽത്തീരത്തേക്ക് ₹11.51 കോടി രൂപയും, തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടൽത്തീരത്തേക് ₹13.30 കോടി രൂപയും, പള്ളിപ്പാട്ടുമുറി മുതൽ പല്ലന വരെ (പുത്തൻപുരക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്, |

| | | | |
|---|---|---|---|
| | | | പാന്നൂർ എൽ.പി. സ്കൂൾ, ചെറിയാശ്ശേരി, മദ്ദുക്കൽ മേഖലകൾ ഉൾപ്പെടുന്ന) 2.8 കി.മി കടൽത്തീരത്തേക്ക് ₹50.92 കോടി രൂപയുടെ ടെൻടെറ്റിവ് ഡിസൈൻ പ്രകാരമുള്ള ഏകദേശ ചെലവ് പ്രതീക്ഷിക്കുന്ന റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു എങ്കിലും ആയതിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ഇനി ഏതെല്ലാം പ്രദേശങ്ങളിലെ/ഭാഗങ്ങളിലെ പ്രവൃത്തികൾക്കാണ് ഐ.ഐ.ടി. പഠന റിപ്പോർട്ട് ലഭിക്കേണ്ടതെന്ന കാര്യം അറിയിക്കാമോ? | (സി) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്തു ₹10.61 കോടി രൂപയും, കാർത്തിക ജംഗ്ഷൻ മുതൽ പതിയാങ്കര വരെയുള്ള (1, 16, 17, 18 വാർഡുകൾ ഉൾപ്പെടുന്ന) 2.30 കിലോമീറ്റർ കടൽത്തീരത്തേക്ക് ₹41.96 കോടി രൂപയും, തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കര മുതൽ കോട്ടുമുറി വരെ 600 മീറ്റർ കടൽത്തീരത്തേക്ക് ₹11.51 കോടി രൂപയും, തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടൽത്തീരത്തേക് ₹13.30 കോടി രൂപയും, പള്ളിപ്പാട്ടുമുറി മുതൽ പല്ലന വരെ (പുത്തൻപുരക്കൽ ജംഗ്ഷൻ, ചേലക്കാട്, കുറ്റിക്കാട്, പാന്നൂർ എൽ.പി. സ്കൂൾ, ചെറിയാശ്ശേരി, മദ്ദുക്കൽ മേഖലകൾ ഉൾപ്പെടുന്ന) 2.8 കി.മി കടൽത്തീരത്തേക്ക് ₹50.92 കോടി രൂപയുടെ ടെൻടെറ്റിവ് ഡിസൈൻ പ്രകാരമുള്ള ഏകദേശ ചെലവ് പ്രതീക്ഷിക്കുന്ന റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു എങ്കിലും ആയതിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ